## സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവം                ഒന്നാം ദിവസം.

ആഗസ്റ്റ് പത്താം തീയതി ജിഎച്ച്എസ്എസ് കരുപ്പടന്നയിൽ സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ് എന്ന പരിപാടി സംഘടിപ്പിച്ചു. പി.ടി. എ പ്രസിഡണ്ട്
ശ്രീ.അൻവർ, HM ശ്രീമതി സുഷ ടീച്ചർ എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു.തുടർന്ന് അധ്യാപകർ,അനധ്യാപകർ,പി.ടി.എ പ്രതിനിധികൾ കുട്ടികൾ എല്ലാവരും ചേർന്ന് കാൻവാസിൽ ഒപ്പുവച്ചു. വിവിധ നിറത്തിലുള്ള ഒപ്പുകൾ കൊണ്ട് കാൻവാസ് നിറഞ്ഞു.
അതോടൊപ്പം കുട്ടികൾ തയ്യാറാക്കിയ സ്വാതന്ത്ര്യദിന പോസ്റ്ററുകളുടെ പ്രദർശനവും നടത്തി.

## സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവം രണ്ടാം ദിവസം.

ആഗസ്റ്റ് പതിനൊന്നാം തീയതി വ്യാഴാഴ്ച സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവം രണ്ടാം ദിവസം,തണലിനായ് ഗാന്ധിമരം- എന്ന പരിപാടി സംഘടിപ്പിച്ചു .കരുപ്പടന്ന ഗ്രാമീണവായനശാല സ്പോൺസർ ചെയ്ത രണ്ട് പേര തൈകൾ ആണ് നട്ടത്. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
ശ്രീ ബിനോയ്, പി.ടി.എ പ്രസിഡന്റ്
ശ്രീ.അൻവർ,ഗ്രാമീണ വായനശാല പ്രസിഡണ്ട് ശ്രീ.എ.കെ മജീദ്, ഓൾഡ് സ്റ്റുഡൻസ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ.പി.കെ.എം അഷ്റഫ്, മദർ പി.ടി.എ പ്രസിഡണ്ട് ശ്രീമതി നിഷ ഷിനോയ്, സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി രാജശ്രീ ടീച്ചർ, ഹെഡ്മിസ്ട്രസ് ശ്രീമതി സുഷ ടീച്ചർ, അധ്യാപകർ,വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.

## സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവം
## മൂന്നാം ദിവസം

ആഗസ്റ്റ് പന്ത്രണ്ടാം തീയതി
സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവം മൂന്നാം ദിവസം -സ്പെഷ്യൽ അസംബ്ലി സംഘടിപ്പിച്ചു.ഭരണഘടനയുടെ ആമുഖം വായന നടത്തി. 9-ആം ക്ലാസ്സ് വിദ്യാർത്ഥി കുമാരി അഫീഫ ഭരണഘടന വായിച്ചു കൊടുത്തു,കുട്ടികൾ ഏറ്റുപറഞ്ഞു. പിന്നീട് സ്വാതന്ത്ര്യ സമര നേതാക്കളായ ഗാന്ധിജി ജവഹർലാൽ നെഹ്റു,ഭഗത് സിംഗ് കൗമുദി ടീച്ചർ, സരോജിനി നായിഡു എന്നിവരുടെ വേഷത്തിലും ഭാരതാംബയുടെ വേഷത്തിലും കുട്ടികൾ അണിഞ്ഞൊരുങ്ങിയെത്തി.അവർ അസംബ്ലിയെ അഭിവാദ്യം ചെയ്തു.
പ്രച്ഛന്നവേഷത്തിൽ എത്തിയ കുട്ടികളെയും മറ്റു കുട്ടികളെയും ഉൾപ്പെടുത്തി സ്വാതന്ത്ര്യ ദിന റാലി നടത്തി. പി. ടി.എ പ്രസിഡണ്ട് ശ്രീ അൻവർ സാർ, HM ശ്രീമതി സുഷ ടീച്ചർ, സീനിയർ അസിസ്റ്റന്റ് ശ്രീമതി നിസ ടീച്ചർ എന്നിവർ ചേർന്ന് റാലി നയിച്ചു. അതിനുശേഷം ഹയർസെക്കൻഡറി വിഭാഗം വിദ്യാർഥികളുടെയും യുപി വിഭാഗം വിദ്യാർഥികളുടെയും ഫ്ലാഷ് മോബുകൾ
സ്കൂൾ അങ്കണത്തിൽ അരങ്ങേറി.

## ആഗസ്റ്റ് 15 -സ്വാതന്ത്ര്യ ദിനം

സ്വാതന്ത്ര്യ ദിനത്തിന് അധ്യാപകരും വിദ്യാർത്ഥികളും,പി.ടി.എ പ്രതിനിധികളും നാട്ടുകാരും ഒത്തുചേർന്നു.
പ്രിൻസിപ്പൽ ശ്രീമതി രാജശ്രീ ടീച്ചർ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി സുഷ ടീച്ചർ എൽ.പി വിഭാഗം ഹെഡ്മിസ്ട്രസ്സ് ശ്രീ ലൂസി ടീച്ചർ എന്നിവർ ചേർന്ന് ദേശീയ പതാക ഉയർത്തി. വാർഡ് മെമ്പർ ശ്രീ.സദക്കത്തുള്ള,പി.ടി.എ വൈസ് പ്രസിഡന്റ് ശ്രീമതി റംല ടീച്ചർ, പ്രിൻസിപ്പൽ ശ്രീമതി രാജശ്രീ ടീച്ചർ , ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി സുഷ ടീച്ചർ എന്നിവർ സ്വാതന്ത്ര ദിന സന്ദേശങ്ങൾ നൽകി. തുടർന്ന് എസ്.പി.സി കേഡറ്റുകളുടെ സ്വാതന്ത്ര്യദിന പരേഡ് നടന്നു.

അതിനുശേഷം  പ്രസംഗം,ദേശഭക്തിഗാനാലാപനം,നൃത്താവിഷ്കാരം എന്നിവ നടന്നു. സോഷ്യൽ സയൻസ് അധ്യാപിക മീര ടീച്ചർ നന്ദി പറഞ്ഞു.